പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3107 — 13.03.2018 ൽ മറുപടിക്ക്

# കേരള റോഡ് സേഫ്റ്റി അതോറിറ്റി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി. ദിവാകരൻ : | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ; | (എ) കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും പോലീസ് വകുപ്പിൽ നിന്നുള്ള വിവരശേഖരണത്തിന്റെയടിസ്ഥാനത്തിലും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക് സംസ്ഥാനത്തെ പാതകളിൽ 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതരപാതകളിൽപെടുന്ന 116 എണ്ണത്തിൽ പൊതുമരാമത്ത് വകുപ്പ് മുൻഗണനാക്രമം നൽകിയ 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന - പോലീസ് - പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ സമഗ്രനിർമ്മാർജ്ജനം ലക്ഷ്യമിട്ട് പരിശോധന നടത്തിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷന്മാരായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് റോഡപകടനിരക്ക് 10% എങ്കിലും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ടാർജറ്റ് നൽകിയിട്ടുണ്ട്. മാത്രവുമല്ല, എല്ലാ മാസവും രണ്ടാം ബുധനാഴ്ച കൗൺസിലുകളുടെ യോഗം ചേരാനും അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാനും ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>അമിതവേഗതയും മറ്റ് ഗതാഗത നിയമലംഘനങ്ങളുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചു കൊണ്ടു വരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ് - മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു. സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ്.കെ.എസ്.രാധാകൃഷ്ണൻ അദ്ധ്യക്ഷനായുള്ള റോഡ് സുരക്ഷാ കമ്മിറ്റിയുടെ |

നിർദ്ദേശപ്രകാരം അമിതവേഗത, വാഹനമോടിയ്ക്കവേയുള്ള മൊബൈൽ ഫോൺ ഉപയോഗം, ചരക്ക് വാഹനങ്ങളിലെ അമിതഭാരം കയറ്റൽ തുടങ്ങിയ ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന-പോലീസ് വകുപ്പുകൾ സ്വീകരിച്ചു വരുന്നു. സ്പീഡ് ഗവർണർ ഘടിപ്പിക്കാത്ത ഒരു വാഹനത്തിനും മോട്ടോർ വാഹന വകുപ്പ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല. കഴക്കൂട്ടം - അടൂർ "മോഡൽ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ട്" നടപ്പിൽ വരുത്തുന്നതിനു വേണ്ട സാങ്കേതിക സഹായം കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് കെ.എസ്.റ്റി.പി.യ്ക്ക്. നൽകി വരുന്നു. ഇതിനു പുറമെ റോഡ് സുരക്ഷാ സംബന്ധമായ അനുബന്ധ വകുപ്പുകളുടെ ശുപാർശകൾക്ക് റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിന്റെ തീരുമാനത്തിനു വിധേയമായി ഫണ്ട് അനുവദിച്ചു വരുന്നു.

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

(ബി) 2016-17, 2017-18 കാലയളവിൽ അനുബന്ധ വകുപ്പുകളുടെ റോഡ് സുരക്ഷാ സംബന്ധമായ പദ്ധതികൾക്കനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

മോട്ടോർ വാഹന വകുപ്പ്

| വർഷം | തുക (രൂപയിൽ) |
|---|---|
| 2016-17 | 10446400 |
| 2017-18 | 11551165 |

പോലീസ് വകുപ്പ്

| വർഷം | തുക (രൂപയിൽ) |
|---|---|
| 2016-17 | 14365515 |
| 2017-18 | 28342087 |

പൊതുമരാമത്ത് വകുപ്പ്

| വർഷം | തുക (രൂപയിൽ) |
|---|---|
| 2016-17 | 3473479 |
| 2017-18 | 366038 |

ആരോഗ്യ വകുപ്പ്

| വർഷം | തുക (രൂപയിൽ) |
| --- | --- |
| 2016-17 | 1203167 |
| 2017-18 | 3888051 |

ജില്ലാ കൗൺസിലുകൾ

| വർഷം | തുക (രൂപയിൽ) |
| --- | --- |
| 2016-17 | 18046859 |
| 2017-18 | 17337530 |

നാറ്റ്പാക്

| വർഷം | തുക (രൂപയിൽ) |
| --- | --- |
| 2016-17 | 1000000 |

സെക്ഷൻ ഓഫീസർ